പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 721

28.02.2017- ൽ മറുപടിയ്ക്ക്

താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് പണം മടക്കി നൽകുന്നതിന് സ്വീകരിച്ച നടപടികൾ

ചോദ്യം	മറുപടി
ശ്രീമതി.പി. അയിഷാ പോറ്റി	**ശ്രീ. കടകംപള്ളി സുരേന്ദ്രൻ** (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)
എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ പ്പെടുന്ന താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് പണം മടക്കി നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;	(എ) കുടിശ്ശികയായ എല്ലാ വായ്പകൾക്കും ആർബിട്രേഷൻ കേസ് ഫയൽ ചെയ്ത് വിധി സമ്പാദിക്കുകയും ആയതിൻമേൽ ജപ്തി ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. ടി ബാങ്കിൽ ഉണ്ടായ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് നഷ്ടപ്പെട്ട പണം തിരികെ ഈടാക്കുന്നതിന് സഹകരണ നിയമം വകുപ്പ് 68 പ്രകാരമുള്ള സർചാർജ് നടപടികൾ സ്വീകരിച്ചു വരുന്നു. അപ്രകാരം തുക ലഭ്യമാകുന്ന മുറയ്ക്ക് നിക്ഷേപകർക്ക് പണം മടക്കി നൽകുവാൻ കഴിയുന്നതാണ്.
ബി) ബാങ്കിനു വായ്പ കുടിശിക വരുത്തിയവരിൽ നിന്നും പണം തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;	(ബി) സഹകരണ നിയമപ്രകാരമുള്ള ആർബിട്രേഷൻ, എക്സിക്യൂഷൻ നടപടികൾ സ്വീകരിച്ചും ജപ്തി ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചും വായ്പാ കുടിശ്ശിക ഈടാക്കി വരുന്നു. നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി പ്രകാരം അദാലത്ത് നടത്തിയും കുടിശ്ശിക തുക ഈടാക്കാൻ നടപടികൾ സ്വീകരിച്ച് വരുന്നു.
സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുടിശ്ശിക ഇനത്തിൽ എത്ര തുക ഈടാക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ?	(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 92,94,700/- രൂപ (തൊണ്ണൂറ്റി രണ്ട് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി എഴുന്നൂറ് രൂപ) കുടിശ്ശിക ഈടാക്കുവാൻ സാധിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ